പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1895**

16-02-2016 – ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് :** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30/06/2013 ന് മുൻപ് സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ ന്യൂനതകൾ ഉള്ളവ തിരിച്ചു നൽകി പോരായ്മകൾ തീർത്ത് തിരികെ വാങ്ങുന്നതിനായി 2009 സെപ്തംബർ 24,25,26,27, 2009 ഒക്ടോബർ 3,4,5 തീയതികളിൽ 125 ന്യൂനത പരിഹാര കേന്ദ്രങ്ങളിൽ 594 യൂണിറ്റുകളിലായി വിവിധ ജില്ലകളിൽ ന്യൂനത പരിഹാര സെല്ലുകൾ സംഘടിപ്പിച്ച് ന്യൂനതകൾ പരിഹരിക്കുകയുണ്ടായി.<br><br>G.O(Ms)No.78/09/F&PD dated 15/12/2009 പ്രകാരം മത്സ്യഫെഡ് വഴി വിതരണം ചെയ്ത 48355 പേരുടെ NCDC വായ്പകളും, GO (Ms)No.9/10/F&PD dated 24/02/2010 പ്രകാരം 9891 പേരുടെ ഹഡ്കോ വായ്പകളും പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് എഴുതി തള്ളി. ഇതിനായി യഥാക്രമം 13.15 കോടി രൂപയും 5.913 കോടി രൂപയും അനുവദിച്ചു. കൂടാതെ GO (P) No. 91/10/F&PD dated 06/12/2010 പ്രകാരം മത്സ്യഫെഡ് വഴി വിതരണം ചെയ്ത NMDFC, NBCFDC മത്സ്യഫെഡിന്റെ തനതുഫണ്ട് എന്നീ ഇനം വായ്പകളെടുത്ത 10094 പേരുടെ വായ്പകളും സഹകരണ ബാങ്കുകൾ/ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ മുഖേന വായ്പ എടുത്ത 50,000 ത്തോളം പേരുടെ വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിനായി 253.55 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട കടാശ്വാസം നൽകുന്നതിന് 127.99 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. മത്സ്യഫെഡ് വഴി എടുത്തിട്ടുള്ള NMDFC, NBCFDC വായ്പകൾ എഴുതിതള്ളുന്നതിനായി 12.99 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപെടുത്തുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി (2012-13, 2013-14, 2014-15) നബാർഡിന്റെ ധനസഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം, ഭവന നവീകരണം എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനും കുടിവെള്ളം, വൈദ്യുതീകരണം, പബ്ളിക്ക് ടോയ്‌ലറ്റ് നിർമ്മാണം, ലൈബ്രറി നിർമ്മാണം, റോഡ്, തീരദേശ മേഖലയിലെ സ്കൂളുകളുടെയും ഹെൽത്ത് സെന്ററുകളുടെയും കെട്ടിട നിർമ്മാണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ജീവനോപാധി പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തു വരുന്നു ണ്ട്. മത്സ്യബന്ധനം നടത്തുന്നതിനായി സബ്സിഡി നിരക്കിൽ (ലിറ്ററിന് 25 രൂപ നിരക്കിൽ) വെള്ളമണ്ണെണ്ണ നൽകി വരുന്നു ണ്ട്.

50% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാടൻ വള്ളങ്ങളുടെ ആധുനിക വൽക്കരണം എന്ന പദ്ധതി പ്രകാരം 10 HP യ്ക്ക് താഴെയുള്ള ഔട്ട് ബോർഡ് എൻജിനുകൾ വാങ്ങുന്നതിന് 10,000/- രൂപ നിരക്കിൽ സബ്സിഡി നൽകി വരുന്നു ണ്ട്. 1988 മുതൽ 2015 വരെ ഇത്തരം 8073 യൂണിറ്റുകൾക്ക് 714.748 ലക്ഷം രൂപ മത്സ്യഫെഡ് വഴി സബ്സിഡി നൽകിയിട്ടു ണ്ട്.

Suitable component for fishing gear subsidy എന്ന പദ്ധതി പ്രകാരം 10 HP യ്ക്ക് താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരമാവധി 6000/- രൂപ നിരക്കിൽ (ഒരാൾക്ക് ഒരു തവണ മാത്രം) സബ്സിഡി നൽകി വരുന്നു ണ്ട്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രീ മെട്രിക്ക് മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള പഠനത്തിന് പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്ന അതേ നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പിൽ നിന്നും നൽകി വരുന്നു. അതു പ്രകാരം മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈഫന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നീ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്.

കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ 50 വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം സൗജന്യമായി കോട്ടയം ജില്ലയിലെ പാലായിലുള്ള ബ്രില്ല്യൻറ് സ്റ്റഡി സെന്റർ മുഖേന നൽകുന്നതിന് 08/09/2015 ലെ ജി.ഒ.(ആർ.റ്റി) 744/15 മതുവ പ്രകാരം ഉത്തരവായിട്ടു ണ്ട്. 47 വിദ്യാർത്ഥികൾ ടി സ്ഥാപനത്തിൽ പഠനം തുടരുന്നു.

സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം പഞ്ഞമാസകാലയളവിൽ കടലോര മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുമായി ഗുണഭോക്തൃ വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ 900 രൂപ വീതം മൂന്നുമാസങ്ങളിലായി മൊത്തം: 2700/- രൂപ നൽകിവരുന്നു.

മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കുള്ള വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600/- രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. 2015 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടു ണ്ട്.

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതായവരുടെ ആശ്രിതർക്ക് 5,00000/- രൂപയും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 2,50,000/- രൂപയും സ്ഥിരവും ഭാഗീകവുമായ അവശതയ്ക്ക് 2,50,000/- രൂപയും ആശുപത്രി ചെലവിനായി 25,000 രൂപയും ധനസഹായമായി നൽകി വരുന്നു. 17/12/2015 മുതൽ ഒരു വർഷത്തേയ്ക്ക് ഇൻഷ്വറൻസ് പുതുക്കിയിട്ടു ണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികളിൽ നിന്നും പ്രീമിയം ഒന്നും ഈടാക്കുന്നില്ല.

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് കേരളസർക്കാർ എൽ.ഐ.സിയുമായി സഹകരിച്ച് 2.36 കോടി രൂപ ചെലവഴിച്ച് "ആം ആദ്മി ബീമാ യോജന" പദ്ധതിയ്ക്ക് രൂപം നൽ കിയി ട്ടുണ്ട്. കേരളമത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ സജീവ അംഗത്വമുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളും ഗുണഭോക്താക്കളാണ്.

മത്സ്യത്തൊഴിലാളികളുടെ അപകടമരണത്തിന് 75,000/-രൂപയും സാധാരണ മരണത്തിന് 30,000/- രൂപയും അപകടംമൂലം പൂർണ്ണ അംഗവൈകല്യത്തിന് 75,000/- രൂപയും ഭാഗീകമായ അംഗവൈകല്യത്തിന് 37,500/- രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ഈ പദ്ധതി നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് പുറമേയാണ്, കൂടാതെ 9,10,11,12 ക്ലാസുകളിലും സർക്കാർ ഐ.ടി.ഐ യിലും പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 1200/- രൂപ വിദ്യഭ്യാസ സ്കോളർഷിപ്പും നൽകുന്നു.

തണൽ പദ്ധതി (ഇൻകാ സപ്പോർട്ട് സ്കീം) പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ബയോമെട്രിക് കാർഡ് എൻറോൾ ചെയ്തിട്ടുള്ളതുമായ മത്സ്യതൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും തണൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) പ്രകാരം 1350/-രൂപാ നിരക്കിൽ ധനസഹായം ഒറ്റത്തവണയായി നൽകി വരുന്നു. പ്രതിവർഷം ഏകദേശം 30 കോടി രൂപയോളം ചെലവാക്കുന്നു ണ്ട്.

Jeyasan

ഷെൽജാൻ ബി ഷിബു